13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.

14. സാങ്കേതിക വിദ്യാ വികസന നിധി.

15 ഗവേഷണ കേന്ദ്രങ്ങൾ ഗവേഷണ ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.

16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാദ്ധ്യമാക്കാൻ പ്രയോജനപ്പെടുന്നു.

17. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.

18. സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എം.എസ്.ഇ. അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

19. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേക്ക് ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) നഷ്ടത്തിലായതും പൂട്ടിക്കിടക്കുന്നതുമായ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നിരവധി പരിപാടികൾ വ്യവസായ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. മൂലധന സംബന്ധമായ കാര്യങ്ങളിൽ പ്രയാസമനുഭവിക്കുന്ന സ്ഥാപനങ്ങളുടെ അധിക വായ്പ, നിലവിലുള്ള വായ്പ, തിരിച്ചടയ്ക്കാൻ സാവകാശം എന്നിവ ലഭിക്കുന്നതിന് ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നുണ്ട്. പീഡിത വ്യവസായമായി രജിസ്റ്റർ ചെയ്യുന്ന യൂണിറ്റിനും മാർജിൻ മണി സ്റ്റാർട്ട് അപ്പ് ചെലവുകൾ എന്നിവയ്ക്ക് ഗവൺമെന്റ് വായ്പ നൽകുന്നു. നിലവിലുള്ള വായ്പകൾ തിരിച്ചടക്കാൻ സാവകാശവും നൽകുന്നുണ്ട്. ഇത്തരത്തിൽ 746 ചെറുകിട യൂണിറ്റുകൾ കഴിഞ്ഞ 3 വർഷം പുനരുദ്ധരിച്ചിട്ടുണ്ട്.

വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ

8(*98) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും വേനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനമേഖലയോടു ചേർന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ആനുകൂല്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) ഉണ്ട്. ഇത് തടയുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു :

1. കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നത് തടയാൻ കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, മതിലുകൾ തുടങ്ങിയവ നിർമ്മിക്കുന്നു.

2. കൃഷിയിടങ്ങളിലേക്ക് ഇറങ്ങിവരുന്ന മൃഗങ്ങളെ തിരിച്ചു കാടുകളിലേക്ക് ഓടിച്ചു വിടുന്നു.

3. ഉൾവനങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി തടയണകളും, കുളങ്ങളും നിർമ്മിക്കുന്നു.

4. കാട്ടു മൃഗങ്ങളെ ആകർഷിക്കുന്ന കൃഷിരീതി അനുവർത്തിക്കാതിരിക്കാൻ കൃഷിക്കാർക്കിടയിൽ അവബോധം വളർത്തുന്നു.

5. എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്താൻ നടപടികൾ എടുത്തുവരുന്നു.

6. ഉൾവനങ്ങളിലുള്ള നിത്യഹരിത പ്രവർത്തനങ്ങളായ കള്ളവാറ്റും, കഞ്ചാവുകൃഷിയും, കാട്ടുതീയും തടയുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നു.

7. കാട്ടിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സസ്യങ്ങൾ നട്ടുവളർത്തുന്നു.

8. ആനകളുടെ സഞ്ചാരപഥം സുഗമമാക്കുന്നതിന് ആനത്താരാ പദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുന്നു.

9. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷവും തുടർന്നുണ്ടാകുന്ന ജീവഹാനി അടക്കമുള്ള നാശനഷ്ടങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു പത്തംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ കേരളാ റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് എന്ന ചട്ടപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപരിഹാരം നൽകിവരുന്നു. ഈ ചട്ടം 7-7-2010-ലെ ജി.ഒ.(ആർടി.) നമ്പർ 297/2010/വനം സർക്കാർ ഉത്തരവ് പ്രകാരം പുതുക്കിയിട്ടുണ്ട്. പുതുക്കിയ ഉത്തരവ് പ്രകാരം കൃഷിനാശമുൾപ്പെടെയുള്ള സന്ദർഭങ്ങളിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു :

1.	ജീവഹാനി	3 ലക്ഷം രൂപ
2.	വനത്തിന് പുറത്ത് പാമ്പ്കടിയേറ്റ് ജീവഹാനി	1 ലക്ഷം രൂപ
3.	വിളനാശം, വീടുനഷ്ടം, കന്നുകാലി നഷ്ടം	നഷ്ടത്തിന്റെ 100% (പരമാവധി 50000 രൂപ)
4.	സ്ഥിരമായ അംഗവൈകല്യം	25,000 രൂപ വരെ

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 16-6-2009-ലും 7-7-2010-ലും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. വിളനാശം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ നഷ്ടത്തിന്റെ 75% എന്നത് 100% എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് 7-7-2010-ലാണ്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ദുരന്ത നിവാരണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

9(*99) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങൾ നിവാരണം ചെയ്യുന്നതിനുള്ള ആസൂത്രണവും പരിശീലനവും ഏകോപിപ്പിക്കുന്നതിനായി സ്ഥാപിച്ച ദുരന്ത നിവാരണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

(ബി) ഈ സ്ഥാപനം ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകുന്നത് ;

(സി) സംസ്ഥാനത്ത് ദുരന്ത സാദ്ധ്യതാ ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly